പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ --**3175** **15/02/2013** ൽ മറുപടിക്ക്

<u>പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

| <u>**ചോദ്യം**</u> | <u>**ഉത്തരം**</u> |
|---|---|
| **ശ്രീ. വി.ഡി. സതീശൻ**<br>**" ഡൊമിനിക് പ്രസന്റേഷൻ**<br>**" റ്റി. എൻ. പ്രതാപൻ** | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നു ; വിശദമാക്കുമോ; | (എ) പൊതുമരാമത്ത് വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ റോഡുകൾ അറ്റകുറ്റപ്പണികൾ ഒന്നുമില്ലാതെ കിടന്നിരുന്ന സാഹചര്യത്തിലാണ് പ്രസ്തുത റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തത്. ഇത്തരത്തിൽ 8570 കി.മീറ്റർ റോഡുകൾ ഈ സർക്കാർ അധികാരമേറ്റശേഷം 2012 ജനുവരിയിൽ ഏറ്റെടുത്ത് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. |
| (ബി) ഏറ്റെടുത്ത റോഡുകളിൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ബി) ഏറ്റെടുത്ത റോഡുകളുടെ നവീകരണ പ്രവൃത്തികൾക്കായി 50 കോടി രൂപ അനുവദിക്കുകയും അതനുസരിച്ച് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു. വളരെ ശോചനീയാവസ്ഥയിലുണ്ടായിരുന്ന റോഡുഭാഗങ്ങൾ ഇതിനകം അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതസജ്ജമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ